8

# പഴയതിൽ നിന്നു പുതിയതിലേക്ക്: ഒരു നിയമമാറ്റം

*" 'ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കുപിടിച്ചു മിസ്രയിം ദേശത്തു നിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെയല്ല. ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചു കളഞ്ഞു എന്നു യഹോവയുടെ അരുളപ്പാട്' " (യിരെമ്യാവു 31:31, 32).*

ബൈബിളിലെ നിയമത്തിൽ ശ്രേഷ്ഠമായതു പുതിയ നിയമമാണ്. അതു തയ്യാറാക്കി, വാഗ്ദാനം ചെയ്യുകയും പ്രവചിക്കയും ഭരമേല്പിക്കയും പ്രതിഷ്ഠിക്കയും ചെയ്തു. പുതിയ നിയമത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിലുള്ള, അതിന്റെ ഏറ്റവും പൂർണ്ണത യിരെമ്യാവു 31:31-34 ലാണ്.

പുതിയ നിയമത്തെക്കുറിച്ചുള്ള മറ്റു പ്രസ്താവനകൾ വേറെ വേദഭാഗത്തും ഉണ്ട്. ഉദാഹരണമായി, യെശയ്യാവു 55:3 പറയുന്നു,

> "നിങ്ങൾ ചെവി ചായിച്ചു എന്റെ അടുക്കൽ വരുവിൻ; നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന്നു കേട്ടുകൊൾവിൻ; ദാവീദിന്റെ നിശ്ചലകൃപകൾ എന്ന ഒരു ശാശ്വതനിയമം ഞാൻ നിങ്ങളോടു ചെയ്യും."

യേശുവിനെക്കുറിച്ചു പറയുവാൻ പൗലൊസ് ഈ വേദഭാഗം പ്രവൃത്തികൾ 13:34-ൽ ഉദ്ധരിച്ചിട്ടുണ്ട്. ഒരു നിത്യനിയമത്തെക്കുറിച്ചു പുതിയ നിയമത്തിൽ ഇതാ ഏതാനും വാക്യങ്ങൾ (എബ്രായർ 13:20).

> ''ഞാൻ അവരെ വിട്ടു പിരിയാതെ അവർക്കു നന്മ

ചെയ്തുകൊണ്ടിരിക്കും എന്നിങ്ങനെ ഞാൻ അവരോടു ഒരു ശാശ്വതനിയമം ചെയ്യും; അവർ എന്നെ വിട്ടു പിരിയാതിരിപ്പാൻ എങ്കലുള്ള ശക്തി ഞാൻ അവരുടെ ഹൃദയത്തിലാക്കും'' (യിരെമ്യാവു 32:40; കൂടാതെ 50:5).

"ഞാൻ അവരോടു ഒരു സമാധാന നിയമം ചെയ്യും; അതു അവർക്കു ഒരു ശാശ്വത നിയമം ആയിരിക്കും; ഞാൻ അവരെ ഉറപ്പിച്ചു പെരുക്കി അവരുടെ നടുവിൽ എന്റെ വിശുദ്ധമന്ദിരത്തെ സദാ കാലത്തേക്കും സ്ഥാപിക്കും" (യെഹെസ്കേൽ 37:26; കൂടാതെ 16:60-62).

''അവൻ ഒരു ആഴ്ച്ചവട്ടത്തേക്കു പലപ്പോഴും നിയമത്തെ കഠിനമാക്കും" (ദാനിയേൽ 9:27).

"എനിക്കു മുമ്പായി വഴി നിരത്തേണ്ടതിനു ഞാൻ എന്റെ ദൂതനെ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമ ദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേക്കു വരും; ഇതാ അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 3:1).

## പഴയ നിയമം ഉപേക്ഷിച്ചു.

യിസ്രായേൽ ക്ഷീണിച്ചു വന്ന സമയത്തായിരുന്നു യിരെമ്യാവു അവരോടു പ്രവചിച്ചിരുന്നത്. അബ്രഹാമിന്റെയും, ഇസഹാക്കിന്റെയും, യാക്കോബിന്റെയും അലഞ്ഞു തിരിഞ്ഞ ഗോത്രക്കാരെ മിസ്രയിമിൽ ദൈവം കനാൻ ദേശത്തേക്കു കൊണ്ടുവരികയും, അവിടെ അവരെ ഒരു വലിയ ദേശമാക്കിത്തീർക്കുകയും ചെയ്തു. ന്യായാധിപന്മാരുടെ കാലത്തു യിസ്രായേലിന് ദൈവം കൊടുത്ത ന്യായപ്രമാണം അനുസരിക്കാതെ ദൈവത്തിൽ നിന്നകന്നു പോയി. പകരം, "ഓരോരുത്തൻ ബോധിച്ചതു പോലെ നടന്നു" (ന്യായാ ധിപന്മാർ 17:6). മോശെ മുഖാന്തരം ദൈവം അവരെ മുന്നറിയി ച്ചിട്ടുപോലും അങ്ങനെ സംഭവിച്ചു, "നാം ഇന്നു ഇവിടെ ഓരോരുത്തൻ താന്താന്നു ബോധിച്ച പ്രകാരം ഒക്കെയും ചെയ്യുന്നതുപോലെ നിങ്ങൾ ചെയ്യരുത്'' (ആവർത്തനപുസ്തകം 12:8).

പാപികളായ യിസ്രായേൽമക്കളോടു തലമുറകൾ കടന്നു പോയപ്പോൾ ദൈവം എങ്ങനെ യോശുവ നയിച്ചുകൊണ്ടുപോയ വരോടു പെരുമാറുന്നു എന്നു ന്യായാധിപന്മാരുടെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട് (ന്യായാധിപന്മാർ 2:7 നോക്കുക).

യഹോവ അരുളിച്ചെയ്തിരുന്നതു പോലെയും, യഹോവ അവരോടു സത്യം ചെയ്തിരുന്നതുപോലെയും, യഹോവയുടെ കൈ അവർ ചെന്നേടത്തൊക്കെയും അനർത്ഥം വരത്തക്കവണ്ണം അവർക്കു വിരോധമായിരുന്നു, അവർക്കു മഹാകഷ്ടം ഉണ്ടാകുകയും ചെയ്തു.

എന്നാൽ യഹോവ ന്യായാധിപന്മാരെ എഴുന്നേല്പിച്ചു. അവൻ

> കവർച്ചക്കാരുടെ കയ്യിൽ നിന്നു അവരെ രക്ഷിച്ചു. അവരോ തങ്ങളുടെ ന്യായാധിപന്മാരെയും അനുസരിക്കാതെ അന്യദൈവങ്ങളോടു പരസംഗം ചെയ്തു. അവയെ നമസ്ക്കരിച്ചു തങ്ങളുടെ പിതാക്കന്മാർ നടന്ന വഴിയിൽ നിന്നു വേഗം മാറിക്കളഞ്ഞു; അവർ യഹോവയുടെ കല്പനകൾ അനുസരിച്ചു നടന്നതുപോലെ നടന്നതുമില്ല. യഹോവ അവർക്കു ന്യായാധിപന്മാരെ എഴുന്നേല്പിക്കുമ്പോൾ യഹോവ അതതു ന്യായാധിപനോടുകൂടെ ഇരുന്നു. അവന്റെ കാലത്തൊക്കെയും അവരെ ശത്രുക്കളുടെ കയ്യിൽ നിന്നു രക്ഷിക്കും, തങ്ങളെ ഉപദ്രവിച്ചു പീഡിപ്പിക്കുന്നവരുടെ നിമിത്തം ഉള്ള അവരുടെ നിലവിളിയിങ്കൽ യഹോവക്കു മനസ്സലിവു തോന്നും. എന്നാൽ ന്യായാധിപന്മാർ മരിച്ച ശേഷം അവർ തിരിഞ്ഞു. അന്യദൈവങ്ങളെ ചെന്നു സേവിച്ചും നമസ്ക്കരിച്ചും കൊണ്ടു തങ്ങളുടെ പ്രവൃത്തികളും ദുശ്ശാഠ്യ നടപ്പും വിടാതിരിക്കും. അങ്ങനെ യഹോവയുടെ കോപം യിസ്രായേലിന്റെ നേരെ ജ്വലിച്ചു, “ഈ ജാതി അവരുടെ പിതാക്കന്മാരോട് ഞാൻ കല്പിച്ചിട്ടുള്ള എന്റെ നിയമം ലംഘിച്ചു എന്റെ വാക്ക് കേൾക്കായ്കയാൽ അവരുടെ പിതാക്കന്മാർ അനുസരിച്ചു നടന്ന യഹോവയുടെ വഴിയിൽ ഇവരും അനുസരിച്ചു നടക്കുമോ ഇല്ലയോ എന്നു യിസ്രായേലിനെ പരീക്ഷിക്കേണ്ടതിന്നു ഞാനും യോശുവ മരിക്കുമ്പോൾ വിട്ടേച്ചുപോയ ജാതികളിൽ ഒന്നിനേയും ഇനി അവരുടെ മുമ്പിൽ നിന്നു നീക്കി കളകയില്ല എന്നു അവൻ അരുളിച്ചെയ്തു” (ന്യായാധിപന്മാർ 2:15–22).

ബെന്യാമിൻ ഗോത്രത്തിൽ നിന്നു, ശൗൽ രാജാവായപ്പോൾ ന്യായാധിപന്മാരുടെ കാലം കഴിഞ്ഞിരുന്നു. ശൗലിന്റെ അനുസരണക്കേടു നിമിത്തം, അവനെ രാജസ്ഥാനത്തു നിന്നു നീക്കി ദാവീദിനെ യിസ്രായേലിന്റെ സിംഹാസനത്തിലിരുത്തി. ദാവീദിന്റെ സന്തതിയായ ശലോമോൻ, യിസ്രായേൽ വാണപ്പോൾ അതു വളരെ മഹത്വകരമായിരുന്നു. പക്ഷെ അവന്റെ ഭാര്യമാർ വിഗ്രഹാരാധനയിലേക്കു പോയപ്പോൾ അവൻ ദൈവത്തിൽ നിന്നകന്നു. ശലോമോന്റെ മകൻ യൊരൊബെയാമിന്നു പത്തു ഗോത്രങ്ങളും രെഹെയാമിന്നു രണ്ടു ഗോത്രങ്ങളും കൊടുത്തു (1 രാജാക്കന്മാർ 11:3, 4, 31). വടക്കുള്ള, പത്തു ഗോത്രങ്ങൾ യിസ്രായേൽ രാജ്യം എന്നറിയപ്പെട്ടു, തെക്കുള്ള യെഹൂദ, ബെന്യാമീനും (ലേവ്യയും ചേർന്നു; 2 ദിനവൃത്താന്തങ്ങൾ 11:14) യെഹൂദ രാജ്യം എന്നറിയപ്പെട്ടു.

പല രാജാക്കന്മാർ മാറിമാറി ഭരിച്ച്, യിസ്രായേൽ വഷളായി. കുറേക്കാലത്തേക്കു യെഹൂദാ രാജ്യം ഏതാണ്ട് നന്നായി പോയി. ചുരുക്കം താഴെ കൊടുക്കുന്നു:

> എന്നാൽ യഹോവ സകല പ്രവാചകന്മാരും ദർശകന്മാരും മുഖാന്തരം യിസ്രായേലിനോടും യെഹൂദരോടും നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു “ഞാൻ നിങ്ങളുടെ പിതാക്കന്മാരോടു കല്പിച്ചതും എന്റെ ദാസന്മാരായ പ്രവാചകന്മാർ മുഖാന്തരം നിങ്ങൾക്കു അയച്ചു

തന്നതുമായ ന്യായപ്രമാണത്തിനൊത്തവണ്ണം ഒക്കെയും എന്റെ കല്പനകളും ചട്ടങ്ങളും പ്രമാണിച്ചുനടപ്പിൻ" എന്നു സാക്ഷീകരിച്ചു. എങ്കിലും, അവർ കേൾക്കാതെ തങ്ങളുടെ ദൈവമായ യഹോവയിൽ വിശ്വസിക്കാതിരുന്ന പിതാക്കന്മാരെ പോലെ ദുശ്ശാഠ്യം കാണിച്ചു. അവന്റെ ചട്ടങ്ങളെയും അവരുടെ പിതാക്കന്മാരോടു അവൻ ചെയ്ത നിയമത്തെയും അവൻ അവരോടു സാക്ഷീകരിച്ച സാക്ഷ്യങ്ങളെയും നിരസിച്ചു കളഞ്ഞു; അവർ വ്യാജത്തെ പിന്തുടർന്നു വ്യർത്ഥന്മാരായിത്തീർന്നു; അവരെപ്പോലെ ആചരിക്കരുത് എന്നു യഹോവ കല്പിച്ചിരുന്ന ചുറ്റുമുള്ള ജാതികളെ തന്നേ അവർ പിന്തുടർന്നു. അവർ തങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ ഒക്കെയും ഉപേക്ഷിച്ചു കളഞ്ഞു തങ്ങൾക്കു രണ്ടു കാളക്കുട്ടികളുടെ വിഗ്രഹങ്ങൾ പാർപ്പിച്ചു അശേരാ പ്രതിഷ്ഠയും ഉണ്ടാക്കി; ആകാശത്തിലെ സർവ്വ സൈന്യത്തെയും നമസ്ക്കരിച്ചു ബാലിനേയും സേവിച്ചു പോന്നു. അവർ തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും അഗ്നിപ്രവേശം ചെയ്യിച്ചു പ്രശ്നവും ആഭിചാരവും പ്രയോഗിച്ചു യഹോവയെ കോപിപ്പിക്കേണ്ടതിന്നു അവന്നു അനിഷ്ടമായുള്ളതു ചെയ്‌വാൻ തങ്ങളെത്തന്നെ വിറ്റുകളഞ്ഞു, അതു നിമിത്തം യഹോവ യിസ്രായേലിനോടു ഏറ്റവും കോപിച്ചു അവരെ തന്റെ സന്നിധിയിൽ നിന്നു നീക്കികളഞ്ഞു; യെഹൂദഗോത്രം മാത്രമല്ലാതെ ആരും ശേഷിച്ചില്ല (2 രാജാക്കന്മാർ 17:13-18).

അധികം താമസിക്കാതെ യഹൂദയും ദുർമ്മാർഗ്ഗത്തിലാകുകയും ദൈവം അവരെ ശിക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. "ഞാൻ യിസ്രായേലിനെ നീക്കിക്കളഞ്ഞതുപോലെ യെഹൂദയെയും, 'എന്റെ സന്നിധിയിൽ നിന്നു നീക്കികളകയും, ഞാൻ തിരഞ്ഞെടുത്ത ഈ യെരുശലേം നഗരത്തേയും. "എന്റെ നാമം അവിടെ ഇരിക്കും" എന്നു ഞാൻ അരുളിച്ചെയ്ത ആലയത്തെയും ത്യജിച്ചുകളകയും ചെയ്യും, എന്നു യഹോവ കല്പിച്ചു' " (2 രാജാക്കന്മാർ 23:27).

### പുതിയ നിയമം പ്രവചിച്ചിരുന്നു.

ഈ ചരിത്ര പശ്ചാത്തലത്തിലാണ് ദൈവം ഒരു പുതിയ നിയമം ചെയ്യുമെന്നു പ്രവചിച്ചത്:

"ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും," എന്നു യഹോവയുടെ അരുളപ്പാട്, "ഞാൻ അവരുടെ പിതാക്കന്മാരെ കൈപിടിച്ചു മിസ്രയിം, ദേശത്തു നിന്നു കൊണ്ടു വന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെയല്ല, ഞാൻ അവർക്കു ഭർത്താവാ യിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചു കളഞ്ഞു," എന്നു യഹോവയുടെ അരുളപ്പാട് "എന്നാൽ ഈ കാലം കഴിഞ്ഞ ശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം

> ഇങ്ങനെയാകുന്നു," "ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാട്, ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനേയും തന്റെ സഹോദരനെയും 'യഹോവയെ അറിക' എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും," "ഞാൻ അവരുടെ അകൃത്യം മോചിക്കും, അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാട്" (യിരെമ്യാവ് 31:31–34).

മിസ്രയിമിൽ നിന്നു യിസ്രായേലിനെ വിടുവിച്ചു കൊണ്ടു വന്നപ്പോൾ ദൈവം കൊടുത്തതും യിസ്രായേലും യെഹൂദയും ലംഘിച്ച നിയമം പോലെ ആയിരിക്കയില്ല പുതിയ നിയമം. പുതിയ നിയമം ദൈവത്തിന്റെ പദ്ധതി ആയിരുന്നു എന്നു തെളിയിക്കുവാൻ പുതിയ നിയമ എഴുത്തുകാർ ഈ വേദഭാഗം ഉദ്ധരിച്ചിട്ടുണ്ട് (എബ്രായർ 8:6–13).

യിരെമ്യാവു മുഖാന്തരം ദൈവം വെളിപ്പെടുത്തിയ ഈ പ്രവചനം പ്രധാനപ്പെട്ടതും അതിൽ പറഞ്ഞിരിക്കുന്നതും നാം ശ്രദ്ധയോടെ പരിഗണിക്കേണ്ടതുമാണ്.

1. "*പുതിയ നിയമം*," നിയമം "പുതിയത്" ആയിരിക്കും എന്നതിനാൽ പഴയനിയമങ്ങൾ ഇതുപോലെ ആയിരുന്നില്ല എന്നു വ്യക്തം. അതു വേറൊരു നിയമത്തിന്റെ വകഭേദമായിരിക്കയില്ല, എന്നാൽ അതു സ്വഭാവത്തിൽ മുൻപുണ്ടായിരുന്ന ഏതൊരു നിയമത്തിൽ നിന്നും വ്യത്യസ്തമായിരിക്കും.

2. "*ഞാൻ ചെയ്യുവാനുള്ള ... കാലം വരുന്നു.*" "ഞാൻ ചെയ്യും" എന്നു ദൈവം പറഞ്ഞതിനാൽ മുൻപു ചെയ്തിട്ടില്ല എന്നും, ഭാവിയിൽ ആയിരിക്കുമെന്നും വ്യക്തം. അതുകൊടുത്തു കഴിഞ്ഞപ്പോൾ അതിന്റെ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതിൽ നിന്നു അതു ദൈവം ഏർപ്പാടു ചെയ്ത ദൈവത്തിന്റെ ഉല്പന്നമാണെന്നു തെളിയുന്നു.

3. "*ഞാൻ അവരുടെ പിതാക്കന്മാരോടു ചെയ്ത നിയമം പോലെ ആയിരിക്കയില്ല.*" പുതിയതാകകൊണ്ട്, ദൈവം മുൻപു ചെയ്ത ഒരു നിയമം പോലെയും ആയിരിക്കയില്ല (പുറപ്പാട് 34:27, 28; ആവർത്തന പുസ്തകം 4:14; 10:1–5).

താൻ അവരെ മിസ്രയിമിൽ നിന്നു വിടുവിച്ചു കൊണ്ടുവന്നപ്പോൾ ചെയ്ത നിയമം പോലെ "ആയിരിക്കയില്ല" പുതിയ നിയമം എന്നു ദൈവം പറഞ്ഞതുകൊണ്ടാണ് നാം അതിനെ പ്രാധാന്യമുള്ളതായി പരിഗണിക്കുന്നത്. എന്തുകൊണ്ട് മറ്റൊരു നിയമം പുതുക്കി കൊടുക്കാതെ പ്രത്യേകതയുള്ളതാക്കി? അതിന്റെ മുഖ്യകാരണം, നിയമം നിമിത്തമാണ് അവർക്ക് ദൈവത്തോടു ബന്ധമുള്ളതെന്നു അവർ കരുതിയിരുന്നു. അവർ അതിൽ ആശ്രയിക്കുകയും, അങ്ങനെ ദൈവം അവരോടൊപ്പം ഉണ്ടെന്ന കാഴ്ചപ്പാടിൽ, ദൈവം അവരെ സംരക്ഷിക്കുമെന്നും അവർ കരുതിയിരുന്നു. സത്യത്തിൽ, അവർ ആ നിയമം അനുസരിച്ചിരുന്നെങ്കിൽ, ദൈവം അവരെ കരുതും – പക്ഷെ

അതു ലംഘിച്ചാൽ ദൈവം അവരെ കരുതുകയില്ല.

യുദ്ധക്കളത്തിലേക്കു നിയമപെട്ടകം കൊണ്ടു വരുന്നതു അവർക്കു വിജയം ലഭിക്കുമെന്ന വിശ്വാസം വർദ്ധിപ്പിച്ചതായി കാണുന്നതു നിയമത്തിൽ അവർക്കുള്ള ആശ്രയത്തിന്റെ സൂചനയാണ് (1 ശമുവേൽ 4:5). നിയമ പെട്ടകത്തിലെ രണ്ടു കല്പലകകളുടേയും സാന്നിദ്ധ്യം അവരെ ദൈവ സഹായത്താൽ യുദ്ധം ജയിക്കുമെന്നു അവർ ഉറപ്പിച്ചിരുന്നു.

4. *"അവർ ലംഘിച്ച കല്പന."* നിയമത്തിന്റെ ഭാഗമായി കൊടുത്ത പ്രമാണങ്ങളും പത്തു കല്പനകളും ആണ്. അവർ ആദരവോടെ അനുസരിക്കുന്നതിൽ പരാജയപ്പെട്ടത് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. അവർ അതിനെ ലംഘിക്കുന്നതു പ്രവാചകന്മാർ പ്രഖ്യാപിച്ചിരുന്നു (ആവർത്തന പുസ്തകം 31:20). കൂടാതെ, അവർ അതിനെ ലംഘിച്ചതായി ബൈബിൾ പ്രസ്താവനകൾ പറയുന്നു (ലേവ്യാപുസ്തകം 26:15; യെശയ്യാവു 24:5; 33:8; യിരെമ്യാവു 11:10; യെഹെസ്ക്കേൽ 16:59), അവർ അതിനെ ഉപേക്ഷിച്ചു (ആവർത്തന പുസ്തകം 29:25; 1 രാജാക്കന്മാർ 19:10, 14), അതിനെ ലംഘിച്ചു (യോശുവ 7:15; ന്യായാധിപന്മാർ 2:20; 2 രാജാക്കന്മാർ 18:12; യിരെമ്യാവു 34:18; ഹോശേയാ 8:1), അതിനെ തള്ളിക്കളഞ്ഞു (2 രാജാക്കന്മാർ 17:15), ലംഘിച്ചിരിക്കുന്നു (സങ്കീർത്തനങ്ങൾ 55:20), അതിനെ പ്രമാണിച്ചില്ല (സങ്കീർത്തനങ്ങൾ 78:10), അതിൽ വിശ്വസ്തരായിരുന്നില്ല (സങ്കീർത്തനങ്ങൾ 78:37), അതിനെ വൃഥാവാക്കി (യെഹെസ്ക്കേൽ 44:7) യിരെമ്യാവു 31:32 ൽ ദൈവം പറഞ്ഞു, യിസ്രായേൽ ലംഘിച്ച പഴയ നിയമം പോലെ ആയിരിക്കയില്ല, പുതിയ നിയമം "നിത്യ നിയമം" ആയിരിക്കും (എബ്രായർ 13:20).

5. "*ഞാൻ അത് അവരുടെ ഹൃദയങ്ങളിൽ എഴുതും."* പുതിയ നിയമം ഹൃദയത്തിൽ എഴുതും എന്നു പറഞ്ഞിട്ടുണ്ട്, പക്ഷെ അതു *എങ്ങനെ* എന്നു പറഞ്ഞിട്ടില്ല. പരിശുദ്ധാത്മാവിനാൽ പുതിയ നിയമം ഉപദേശിക്കുന്നതിലൂടെയാണോ അതോ മറ്റേതെങ്കിലും വിധത്തിലാണോ എഴുതുന്നതു എന്നു പറഞ്ഞിട്ടില്ല.[1]

6. "*അവർ എല്ലാവരും എന്നെ അറിയും."* ദൈവ സ്വഭാവത്തെക്കുറിച്ചു വ്യക്തിപരമായ വെളിപ്പാട് ഓരോരുത്തർക്കും കൊടുത്തുകൊണ്ട് അല്ല ഈ അറിവു ദൈവം നല്കുന്നത്. "അവർ എല്ലാവരും എന്നെ അറിയും" എന്നു പറഞ്ഞു ദൈവം നിർത്തുന്നില്ല, എന്നാൽ അവർ എങ്ങനെ അറിയും എന്നു അവൻ പറയുന്നുണ്ട്: "ഞാൻ അവരുടെ അകൃത്യം മോചിക്കും, അവരുടെ പാപം ഇനി ഓർക്കയും ഇല്ല" ദൈവം തന്നെ എങ്ങനെ അറിയിക്കും എന്നതു "ഫോർ" എന്ന വാക്കുകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു. ലോകത്തിന്റെ പാപത്തിനായി തന്റെ പുത്രനെ നല്കി താൻ ക്ഷമിക്കുന്ന ദൈവമാണെന്ന് വാസ്തവത്തിൽ അവൻ വെളിപ്പെടുത്തി. യേശുവിൽ പിതാവിന്റെ സാദൃശമായിരുന്നു ഉണ്ടായിരുന്നത് (കൊലൊസ്യർ 1:15; എബ്രായർ 1:2, 3) അവൻ പിതാവിന്റെ സ്വഭാവം മനുഷ്യർക്കു വെളിപ്പെടുത്തി (യോഹന്നാൻ 12:45; 14:9).

**ഉപസംഹാരം**

പുതിയ നിയമത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയ നിയമത്തിലുണ്ട്, പക്ഷെ അതിന്റെ നിബന്ധനകൾ ഒന്നും പഴയ നിയമത്തിലില്ല. പുതിയ നിയമം യിസ്രായേലിനെ മിസ്രയിമിൽ നിന്നു കൊണ്ടുവന്നപ്പോൾ ചെയ്തതു പോലെയുള്ളതല്ല. താൻ ചെയ്യുവാൻ പോകുന്ന പുതിയ നിയമത്തിനായി ദൈവം ആലോചിച്ചു; തയ്യാറാക്കി, പ്രവചിച്ചിരുന്നു.

---

കുറിപ്പ്

[1]ഹൃദയത്തെ കൂടുതലായി ഈ ലക്കത്തിൽ തന്നെ വിവരിക്കുന്നുണ്ട്.

---

**ദൈവത്താൽ ഉണ്ടാക്കപ്പെട്ട ഒരു നിയമം**

ഉല്പത്തി 9–ൽ, ജല പ്രളയശേഷം, ദൈവം നോഹയോടു പറഞ്ഞു താൻ നോഹയോടും അവന്റെ സന്തതികളോടും (വാ. 9), എല്ലാ ജീവജന്തുക്കളോടും (വാ. 10) ഒരു നിയമം സ്ഥാപിക്കും എന്നു പറഞ്ഞിരുന്നു. ദൈവം പറഞ്ഞു, "ഇനി സകല ജഡവും ജലപ്രളയത്താൽ നശിക്കയില്ല; ഭൂമിയെ നശിപ്പിപ്പാൻ ഇനി ജലപ്രളയം ഉണ്ടാകുകയുമില്ല, എന്നു ഞാൻ നിങ്ങളോടു ഒരു നിയമം ചെയ്യുന്നു" (വാ. 11).

കൂടാതെ, നിയമത്തെ മുദ്രയിടുവാൻ ഒരു അടയാളവും കൊടുത്തു: "ഞാനും നിങ്ങളും നിങ്ങളോടു കൂടെയുള്ള സകല ജീവജന്തുക്കളും തമ്മിൽ തലമുറ തലമുറയോളം സദാകാലത്തേക്കും ചെയ്യുന്ന നിയമത്തിന്റെ അടയാളം ആവിതു, ഞാൻ എന്റെ വില്ലു മേഘത്തിൽ വെക്കുന്നു. അതു ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിന്റെ അടയാളം ആയിരിക്കും" (വാക്യങ്ങൾ 12, 13). ഭൂമിയിൽ മേഘം മുട്ടുമ്പോൾ മഴവില്ലു തെളിയും എന്നു ദൈവം വാഗ്ദാനം ചെയ്തിരുന്നു. മാനുഷിക നിലയിൽ അവൻ പറഞ്ഞു, "വില്ലു മേഘത്തിലുണ്ടാകും ദൈവവും ഭൂമിയിലെ സർവ്വ ജഡവുമായ സകല ജീവികളും തമ്മിൽ എന്നേക്കുമുള്ള നിയമം ഓർക്കേണ്ടതിനു ഞാൻ അതിനെ നോക്കും" (വാ. 16).

നോഹക്കു, ഈ നിയമം രണ്ടു കക്ഷികൾ തമ്മിലുള്ള ഉടമ്പടി ആയിരുന്നില്ല. ആ നിയമം ദൈവത്താലുണ്ടായതും നിബന്ധനയില്ലാത്തതും, സാർവ്വദേശിയവുമായിരുന്നു.


© 2009 Truth for Today